കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി3-1036/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ – 688 011

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 04.08.2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, ഭാഗം 3ലെ 3-1, 3-2, 3-3 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി3-1036/2017 തിയ്യതി: 04.08.2017

# ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016 -17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 20116-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.7.2017 മുതൽ<br>31.7.2017 വരെ | ശ്രീ.എസ്സ്.വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.ദീപാ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഫമിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ. ജിമ്മി വി കൈപ്പള്ളി | 1-4-2016 മുതൽ 31-3-2017വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി സിന്ധു ബാലകൃഷ്ണൻ. വി | 1-4-2016 മുതൽ 31-3-2017വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.രേഖ ഭാസ്കർ | 1-4-2016 മുതൽ 31-3-2017വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.എസ്.ജെ ലേഖ<br>ഡോ.ബീന | 1-4-2016 മുതൽ 5-09-2016 വരെ<br>6-9-2016 മുതൽ 14-2-2017 വരെ |

| | | | |
|---|---|---|---|
| | | ഡോ.വിനയകുമാർ | 15-2-2017 മുതൽ31-3-17 വരെ |
| 3 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ശ്രീല.ബി.എസ് | 1-4-2016 മുതൽ 31-3-2017വരെ |
| 4 | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.ജിജോ ജോസഫ്<br>ഡോ.ലാവണ്യ രോഹിത്<br>ഡോ.ഷിബു.എസ്.കെ | 1-4-2016 മുതൽ 4-7-2016വരെ<br>5-7-2016 മുതൽ 19-2-2017വരെ<br>20-2-2016 മുതൽ 31-3-17വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.ശ്രീനി | 1-4-2016 മുതൽ 31-3-2017വരെ |
| 6 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അപ്പൻ വി.ആർ | 1-4-2016 മുതൽ 31-3-2017വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.(യു.പി.എസ്.) | ശ്രീമതി നസീന. എ | 1-4-2016 മുതൽ 31-3-2017വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. സബിത. സി<br>ശ്രീ. രാജൻ. സി<br>ശ്രീമതി പ്രിയ<br>ശ്രീ. രാജൻ. സി<br>ശ്രീമതി. സീന ജറോം<br>ശ്രീ. രാജൻ. സി<br>ശ്രീ. ഷാജിലാൽ. കെ | 1-4-2016 മുതൽ 20-8-2016വരെ<br>21-8-2016 മുതൽ 29-8-16വരെ<br>30-8-2016 മുതൽ 31-8-16വരെ<br>1-9-2016മുതൽ 20-9-16വരെ<br>21-9-2016മുതൽ 30-9-16വരെ<br>1-10-2016മുതൽ 19-10-16വരെ<br>19-10-2016മുതൽ 31-3-17വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അജിത്ത്.പി | 1-4-2016 മുതൽ 31-3-2017വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഉഷാകുമാരി | 1-4-2016 മുതൽ 31-3-2017വരെ |
| 12 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുനിൽ കുമാർ | 1-4-2016 മുതൽ 31-3-2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to<br>1-13 |
| | ഭാഗം -2 | |
| 2 | ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം | 2-1 |
| | ഭാഗം -3 | |
| 3 | തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ ലക്ഷങ്ങൾ നഷ്ടം | 3-1 |
| 4 | വാട്ടർ ചാർജ്ജ് - ലക്ഷങ്ങളുടെ അനാവശ്യ ചെലവ് | 3-2 |
| 5 | മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ ഗുരുതര ന്യൂനതകൾ | 3-3 |
| 6 | വളന്തോട്ട്കടവ് ത്രാച്ചേരി റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ് | 3-4 |
| 7 | കൈപ്പള്ളിൽ നെടിയത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ്, വാർഡ് 12 | 3-5 |
| 8 | എം.ജി.എൻ.ആർ.ഇ.ജി.എസ്. - സപ്ലൈ കോൺട്രാക്ട് - മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല | 3-6 |
| 9 | സ്റ്റുഡൻസ് പോലീസ് കേഡറ്റ് - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു | 3-7 |
| 10 | പ്രിന്റിംഗ് അധിക നിരക്ക് നൽകി, മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല | 3-8 |
| 11 | പഞ്ചായത്ത് ഓഫീസിനു ഫർണിച്ചർ വാങ്ങൽ - ന്യൂനതകൾ | 3-9 |
| 12 | വയോജനങ്ങൾക്ക് വീൽ ചെയർ നൽകൽ - വീൽ ചെയറുകൾ ലഭിച്ചില്ല | 3-10 |
| 13 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-11 |
| 14 | പാലിയേറ്റീവ് കെയർ പ്രോജക്ട് - വാഹന വാടക അധികം നൽകി | 3-12 |
| 15 | പി.എച്ച്.സി. - മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചില്ല | 3-13 |

| | | |
|---|---|---|
| 16 | ഒ.ഡി.എഫ്. പദ്ധതി - ഒരവലോകനം | 3-14 |
| | ഭാഗം-4 | |
| 17 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to4-10 |
| | അനുബന്ധം | |
| 18 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4/3/2016 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 119040000 | 123034000 |
| വാർഷിക കണക്ക് പ്രകാരം | 33673257 | 30076864 |

ഇ.എഫ്.എം.എസ് വഴി MNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ വന്നിട്ടുള്ള യഥാക്രമം 4.8757, 2.8594 കോടി രൂപയുടെ വരവു ചെലവുകൾ പ്രസ്തുത വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലന്ന് കാണാം.

1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 10113488 | 9505596 | 94 |
| വികസനഫണ്ട് - എസ്.സി.പി. | 2808978 | 1743088 | 62 |
| വികസനഫണ്ട് - ടി.എസ്.പി. | 21291 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 5358375 | 209089 | 4 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2708919 | 2708919 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5671406 | 1242941 | 22 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 827408 | 724498 | 88 |
| ബി. ഫണ്ട് | 29145425 | 29145425 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 49722150<br>*(മുന്നിരിപ്പ് രൂ. 1000ഉൾപ്പെടെ)* | 49710959 | 99.9<br>(നീക്കിയിരിപ്പ് രൂ.11191.) |

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 108 | 33721130 | 50 | 17908308 | 13 | 45 | 46 |

1-5 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.28ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ നാല് വാർഡുകൾ പുതിയതായി രൂപീകരിക്കപ്പെട്ട ഹരിപ്പാട് നഗരസഭയിലേക്ക് മാറ്റിയത് നിമിത്തം തനത് വരുമാനത്തിൽ കാര്യമായ കുറവുണ്ടായി. കൂടാതെ അർഹമായ നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ചയും ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-1 ൽ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 2984832 | 2492672 | - 492160 | - 16.49 |
| നികുതിയേതര വരവുകൾ | 256759 | 291688 | 34929 | 13.60 |
| മറ്റ് വരവുകൾ | 215194 | 5867 | -209327 | -97.27 |
| ആകെ | 3456785 | 2790227 | -666558 | -19.28 |

1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 389400 | 212 |
| കർഷകതൊഴിലാളി പെൻഷൻ | 3503540 | 375 |

| | | |
|---|---|---|
| വിധവാപെൻഷൻ | 8605790 | 806 |
| വാർദ്ധക്യകാലപെൻഷൻ | 13307895 | 1447 |
| വികലാംഗപെൻഷൻ | 2271340 | 235 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 905460 | 88 |
| വിവാഹധനസഹായം<br>(വിധവകളുടെ പെൺമക്കൾക്ക്) | 150000 | 5 |

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/07/2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3603/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുമ്പോൾ വിവരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുബന്ധം ജെ മാതൃകയിൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കുകയോ രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്യുന്നില്ല.

മാന്വൽ ഓഫ് ഓഫീസ് പ്രൊസീജർ (MOP) ഖണ്ഡിക 21 നിഷ്കർഷിക്കും പ്രകാരം ഉള്ള തൻപതിവേട് (Personal Register) കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. എല്ലാ മാസവും സെക്ഷൻ സൂപ്രണ്ട്/ഹെഡ്ക്ലർക്കും മൂന്ന് മാസം കൂടുമ്പോൾ ഓഫീസ് തലവനും തൻപതിവേട് പരിശോധിക്കണം എന്ന വ്യവസ്ഥ ഒരിക്കൽ പോലും പാലിച്ചിട്ടില്ല. റിമൈന്റർ ഡയറി, അരിയർ ലിസ്റ്റ് മുതലായവയും സൂക്ഷിക്കപ്പെടുന്നില്ല. ഏതൊക്കെ ഫയലുകൾ തീർപ്പായി എന്നോ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നോ ഉള്ള വിവരങ്ങളൊന്നും ഈ രജിസ്റ്ററിൽ നിന്ന് ലഭ്യമല്ല. ഫയൽ തീർപ്പാക്കൽ സംബന്ധിച്ച എം.ഒ.പി വ്യവസ്ഥകളും പാലിക്കപ്പെടുന്നില്ല. റിക്കാഡുകൾ കൃത്യമായി സൂക്ഷിക്കുന്നതിനായി റിക്കാഡ് കീപ്പറുടെ ചുമതല ആരെയും ഏൽപ്പിച്ചിട്ടില്ല. കൃത്യമായ ജോലി വിഭജനം നടത്തി സെക്രട്ടറി ചുമതലകൾ കൈമാറിയിട്ടില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച പ്രസിഡന്റും സെക്രട്ടറിയും നടത്തേണ്ട കാലിക പരിശോധനകൾ നടക്കുന്നില്ല, ഇത് സംബന്ധിച്ച അവലോകന യോഗങ്ങളും കൂടിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറി സെക്രട്ടറി പരിശോധിച്ച് കൃത്യത ഉറപ്പാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥ നിയന്ത്രണ) ചട്ടങ്ങൾ അനുശാസിക്കുന്ന അധികാരങ്ങൾ പ്രസിഡന്റ് ഉപയോഗിക്കുകയോ അത് പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന പ്രവർത്തനങ്ങൾ നിറവേറ്റുകയോ ചെയ്തിട്ടില്ല. ഗ്രാമസഭകളിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കണം എന്ന വ്യവസ്ഥ നടപ്പാകുന്നില്ല. വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം കർമ്മസമിതികളും നിർവ്വഹിക്കുന്നില്ല.

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 17/5/17 | ഏപ്രിൽ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2017 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31/1/2014 | 2008-09 – 2012-13 | 20/3/2014 |

1-10 ദുരിതാശ്വാസ നിധി - പ്രവർത്തനരഹിതം - ദുരിത ബാധിതരെ അടിയന്തിര ഘട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് സഹായിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടത്തിൽ സഹായിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ധർമ്മങ്ങളിലൊന്നാണ്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്. അടിയന്തിര ഘട്ടങ്ങളിൽ ദുർബ്ബല ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തിലെയും പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ 8.7.2016 ൽ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസ നിധി ആരംഭിക്കുകയുണ്ടായി. എന്നാൽ നാളിതുവരെ കേവലം 7200/- രൂപാ പിരിച്ചെടുത്തു എന്നതല്ലാതെ ഒരാൾക്കും നിധിയിൽ നിന്നും സഹായം നല്കിയിട്ടില്ല. നിധി നിഷ്ക്രിയമായി തുടരുന്നു. ഈ ആവശ്യത്തിനായി ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് കാർത്തികപ്പള്ളി ശാഖയിൽ തുടങ്ങിയ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 16.6.2017ൽ 7270/-രൂപ നില്പുണ്ട്.

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ യാതൊരുവിധ സഹായവും നാളിതുവരെയും ഗ്രാമപഞ്ചായത്തിന് ചെയ്യാൻ സാധിച്ചില്ല എന്നത് തികച്ചും നിരാശാ ജനകമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-11 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തെഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 2050 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 4566 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1801 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 2116 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 103778 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 57.62 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 136 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 57.62 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 1801 കുടുംബങ്ങളിൽ കേവലം 136കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. അതായത് കേവലം 7.55%.

ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ താല്പര്യം കാണിച്ചിരുന്നില്ല എന്നു വ്യക്തമാകുന്നു. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-12 അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കാര്യമായ താല്പര്യം കാണിക്കുന്നില്ല

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്രങ്ങളാണ് ഇവിടുത്തെ അംഗൻവാടികൾ. ആകെ 15 അംഗൻവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 10 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടങ്ങളുള്ളത്. ബാക്കി 5 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കേവലം 4 എണ്ണത്തിൽ മാത്രമാണ് baby friendly toilet സൗകര്യം ഉള്ളത്. 10 എണ്ണത്തിനും ചുറ്റുമതിലോ വേലിയോ ഇല്ല. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും കാര്യമായ പുരോഗതി ഇല്ല. അതുപോലെ, 14 അംഗൻവാടികളിലും കുട്ടികളുടെ മാനസികോല്ലാസത്തിന് ചെറിയ കളിപ്പാട്ടങ്ങൾ ഒഴികെ കാര്യമായ സൌകര്യങ്ങൾ (കളി ഉപകരണങ്ങൾ) ഒന്നും തന്നെയില്ല എന്നും കാണുന്നു.

ടി വസ്തുതകളിൽ നിന്നും അംഗൻവാടികളുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ കാര്യമായ ശ്രദ്ധ ചെലുത്തിയിരുന്നില്ല എന്നു വ്യക്തമാകുന്നു.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു – ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം

വസ്തു നികുതി കഴിഞ്ഞാൽ ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവയാണ് തൊഴിൽ നികുതിയും ലൈസൻസ് ഫീയും. എന്നാൽ ഓഡിറ്റു വർഷം വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും പിരിച്ചെടുക്കുന്നതിൽ കാര്യമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് കാര്യമായ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ.

a) നികുതി/ഫീ ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിൽ വീഴ്ച

2016-17 ൽ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 5034 കെട്ടിടങ്ങളിൽ 596 എണ്ണം വ്യാപാര ആവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ടവയാണെന്ന് വസ്തു നികുതി രജിസ്റ്റർ അടിസ്ഥാനമാക്കി സെക്രട്ടറി തയ്യാറാക്കി ഓഡിറ്റിൽ സമർപ്പിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ കേവലം 129 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമേ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ഇത്രയും സ്ഥാപനങ്ങൾ മാത്രമേ D&Oലൈസൻസ് എടുക്കുകയും തൊഴിൽ നികുതി ഒടുക്കുകയും ചെയ്തിട്ടുള്ളൂ. ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് തീരെ കുറവാണ്. ഇത് ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടയ്ക്കാതെയും ആണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുന്നു.

ഇതിൽ നിന്നും 2016-17 ൽ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിൽപോലും വീഴ്ചയുണ്ടായി എന്നു കാണാം.

b) വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നില്ല

ലൈസൻസ് ഫീ ചട്ടം അനുസരിച്ച് ഓരോ സ്ഥാപനത്തിന്റെയും ലൈസൻസ് ഫീ നിശ്ചയിക്കുന്നത് അവയുടെ ദിവസേനയുള്ള ശരാശരി വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് (പട്ടിക 2 പ്രകാരമുള്ള നിരക്കിൽ). എന്നാൽ പല സ്ഥാപനങ്ങളിൽ നിന്നും ടി പട്ടിക അനുസരിച്ചുള്ള നിരക്കിലല്ല ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.

ഉദാഹരണമായി, ഗ്രാമപഞ്ചായത്തിൽ ഒരു പെട്രോൾ പമ്പും ഒരു ഗ്യാസ് ഏജൻസിയുമുണ്ട്. ഇവയ്ക്ക് പ്രതിദിനം ലക്ഷങ്ങൾ വിറ്റുവരവുണ്ട് എന്ന കാര്യം ഉറപ്പാണ് (ലക്ഷങ്ങൾ വിറ്റുവരവുണ്ടെങ്കിൽ മാത്രമേ അവയുടെ പ്രവർത്തനം സാദ്ധ്യമാവൂ). ടി പട്ടിക അനുസരിച്ച് ദിവസം ശരാശരി 1,00,000/- രൂപയിലധികം വിറ്റുവരവുള്ള ഈ സ്ഥാപനങ്ങളിൽ നിന്നും രൂ. 4000/- വീതം ലൈസൻസ് ഫീ ഈടാക്കണമായിരുന്നു. എന്നാൽ ഇവയിൽ നിന്നും വളരെ കുറഞ്ഞ ഫീയാണ് ഈടാക്കിയിട്ടുള്ളത്.

1. പെട്രോൾ പമ്പ്, മഹാദേവികാട് (പെട്രോൾ, ഡീസൽ വില്പന)

ഈടാക്കിയ ലൈസൻസ് ഫീ - രൂ. 1000/-

2. ഭാരത് ഗ്യാസ് ഏജൻസീസ്, മഹാദേവികാട് (പാചക വാതകം വിതരണം)

ഈടാക്കിയ ലൈസൻസ് ഫീ - രൂ. 2000/-

c) വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി ചട്ടങ്ങൾ അനുസരിച്ച് ഓരോ ബിസിനസ്സ് സ്ഥാപനവും അവയുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി അടയ്ക്കേണ്ടത്. എന്നാൽ ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത് എന്നു കാണുന്നു.

അർദ്ധവർഷം 125000/- രൂപയിലധികം, അതായത് പ്രതിമാസം ശരാശരി 21000/- രൂപയിലധികം വരുമാനമുള്ള

സ്ഥാപനങ്ങളിൽ നിന്നും പരമാവധി നിരക്കിൽ (അർദ്ധ വർഷം 1250/-, പ്രതിവർഷം 2500/-) തൊഴിൽ നികുതി ഈടാക്കാമായിരുന്നു. എന്നാൽ വിരലിലെണ്ണാവുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രമേ നിശ്ചിത നിരക്കിൽ നികുതി ഈടാക്കിയിട്ടുള്ളൂ.

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/25.7.2017), ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുന്നു. താരതമ്യേന തനതു വരുമാനം തീരെ കുറവുള്ള ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അർഹമായ വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. അതുപോലെ, ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് ഗ്രാമ പഞ്ചായത്തിന്റെ നിയമപരമായ അധികാരം ചോദ്യം ചെയ്യപ്പെട്ട സംഭവവുമാണ്.

ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളുടെയും പ്രവർത്തനം പരിശോധിച്ച് അവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം രേഖപ്പെടുത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും അർഹതയുള്ളവയ്ക്ക് ലൈസൻസ് അനുവദിച്ച് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ (കുടിശ്ശിക, പിഴ എന്നിവ സഹിതം) ഈടാക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ ലക്ഷങ്ങൾ നഷ്ടം

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ പ്രതിമാസം 33208/-രൂപാ നിരക്കിൽ ആകെ 398496/- രൂപാ കെ.എസ്.ഈ.ബി. യിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന രജിസ്റ്റർ, കെ.എസ്.ഇ.ബി. കാർത്തികപ്പള്ളി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച പത്രിക എന്നിവ പ്രകാരം ആകെ 686 വിളക്കുകൾക്കാണ് ചാർജ്ജ് ഒടുക്കുന്നത്. ഇവയിൽ 346 എണ്ണം സാധാരണ ബൾബുകളായാണ് കാണിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | പവർ | എണ്ണം | ഒരെണ്ണത്തിന്റെ പ്രതിമാസ ചാർജ്ജ് (രൂ.) | ആകെ കറന്റ് ചാർജ്ജ് |
|---|---|---|---|---|---|
| 1 | സാധാരണ ബൾബ് | 40 Watts | 297 | 61 | 18217 |
| 2 | സാധാരണ ബൾബ് | 60 Watts | 47 | 94 | 4418 |
| 3 | സാധാരണ ബൾബ് | 100Watts | 2 | 155 | 310 |
| 4 | ഫ്ലൂറസന്റ് ട്യൂബ് | 40Watts | 43 | 124 | 5332 |
| 5 | മെർക്കുറി വേപ്പർ ലാമ്പ് | 80 Watts | 1 | 132 | 132 |
| 6 | മെർക്കുറി വേപ്പർ ലാമ്പ് | 125Watts | 1 | 206 | 206 |
| 7 | സോഡിയം വേപ്പർ ലാമ്പ് | 250Watts | 3 | 414 | 1242 |
| 8 | C F L | 11 Watts | 97 | 7 | 679 |
| 9 | C F L | 11 Watts | 97 | 7 | 679 |
| 10 | C F L | 2x11Watts | 97 | 17 | 679 |
| *ആകെ എണ്ണം* | | | *686* | *ആകെ മൊത്തം* | *33208/-* |

ടി പത്രികയിൽ നിന്നും ഇവിടെയുള്ള 686 വിളക്കുകളിൽ 346 എണ്ണം സാധാരണ ബൾബുകളായി കണക്കാക്കിയാണ് കറന്റ് ചാർജ്ജ് അടയ്ക്കുന്നത് എന്ന് കാണാം. എന്നാൽ ഗ്രാമപഞ്ചായത്തിൽ അനേകം വർഷങ്ങളായി സാധാരണ

ബൾബുകൾ ഉപയോഗിക്കാറില്ല. CFL ആണ് ഉപയോഗിക്കുന്നത്. ഓഡിറ്റ് വർഷവും 20 വാട്ടിന്റെ 400 CFL ആണ് വാങ്ങിയത്. ഇതിൽ നിന്നും ടി 346എണ്ണവും CFL ആണ് എന്ന് വ്യക്തമാണ്. 20 വാട്ട്സിന്റെ CFL ആണെങ്കിൽ പോലും ഒരെണ്ണത്തിന് പ്രതിമാസം 14/- രൂപാ മാത്രമാണ് ഈ കാലയളവിലെ പരമാവധി കറന്റ് ചാർജ്ജ്. ഇതനുസരിച്ച് 346 എണ്ണത്തിന് പ്രതിമാസം 4844/- രൂപ മാത്രമേ കറന്റ് ചാർജ്ജ് വരൂ. എന്നാൽ ഇവിടെ ടി 346 എണ്ണത്തിന്റെ പേരിൽ 26007/- രൂപയാണ് ഓരോ മാസവും കറന്റ് ചാർജ്ജിനത്തിൽ ഒടുക്കുന്നത്. അതായത് 21163/- രൂപാ അധികം. ഒരു വർഷം ഇപ്രകാരം ആകെ അധികമായി ഒടുക്കിയ തുക രൂ.253956/-.

ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/29.7.2017) സെക്രട്ടറി നല്കിയ മറുപടിയിൽ, ബൾബുകളുടെ എണ്ണം ഒഴിവാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

യഥാർദ്ധത്തിൽ ഉപയോഗിക്കുന്ന വിളക്കുകളുടെ വിശദാംശം KSEB അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ഈയിനത്തിലുണ്ടായ അധിക ചെലവ് തുടർ ബില്ലുകളിൽ ക്രമപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

## 3-2 വാട്ടർ ചാർജ്ജ് - ലക്ഷങ്ങളുടെ അനാവശ്യ ചെലവ്

ഗ്രാമ പഞ്ചായത്തിന്റെ എറ്റവും വലിയ ചെലവാണ് വാട്ടർ ചാർജ്ജ്. എന്നാൽ ആവശ്യമില്ലാത്തതും ഉപയോഗിക്കാത്തതുമായ ടാപ്പുകളുടെ വിവരം കൃത്യസമയത്ത് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്താത്തതു മൂലം ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം ഉണ്ടാകുന്നു. വിശദാംശം ചുവടെ.

ഗ്രാമപഞ്ചായത്ത് 330 പൊതു ടാപ്പുകളുടെ പേരിൽ ഒരെണ്ണത്തിന് 5250/- രൂപ നിരക്കിൽ ഓഡിറ്റ് വർഷം ആകെ 17,32,500/- വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വർഷങ്ങൾക്കു മുമ്പ് സ്ഥാപിക്കപ്പെട്ട ടാപ്പുകൾ എല്ലാം ഇപ്പോഴും ഉപയോഗിക്കുന്നു എന്ന് കണക്കാക്കിയാണ് ചാർജ്ജ് ഒടുക്കുന്നത്. ഇവയിൽ പലതും നിലവിൽ തകരാറിലായതോ ഉപയോഗമില്ലാത്തതോ ആണെന്നുള്ള കാര്യത്തിൽ സംശയമില്ല. വിവിധ പദ്ധതികൾ വഴിയും സ്വകാര്യ ധനം ഉപയോഗിച്ചും ഗ്രാമ പഞ്ചായത്തിലെ അനേകം പേർക്ക് സ്വകാര്യ കുടിവെള്ള പൈപ്പ് കണക്ഷൻ ലഭ്യമായിട്ടുണ്ട്. വാട്ടർ അഥതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ഗ്രാമപഞ്ചായത്ത് സ്വയം പരിശോധന നടത്തി ഉപയോഗിക്കുന്നവയുടെ എണ്ണം കൃത്യപ്പെടുത്തി വാട്ടർ അതോറിറ്റി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ചാർജ്ജ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഉപയോഗിക്കാത്ത ടാപ്പുകൾക്കു ചാർജ്ജ് അടയ്ക്കേണ്ടി വരുന്നതു മൂലം താരതമ്യേന തുച്ഛമായ തനതു വരുമാനം മാത്രമുള്ള ഗ്രാമ പഞ്ചായത്തിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു.

ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/29.7.2017) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭിച്ചാൽ പോലും വരൾച്ച സമയത്ത് പൊതു ടാപ്പുകൾ ആവശ്യമായിവരും എന്നും 2017-18ൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് വിശദമായ പരിശോധന നടത്തി "കുറച്ച്" പൊതു ടാപ്പുകൾ അടച്ച് വെള്ളക്കരം കുറവു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

നിലവിൽ അനേകം വീടുകൾക്ക് കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുള്ളതിനാൽ അതിനനുസരിച്ച് പൊതു ടാപ്പുകളുടെ എണ്ണം കുറച്ചതായി കാണുന്നില്ല. സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് നിലവിലുള്ളതിന്റെ വളരെ ചെറിയ ഒരു ശതമാനം പൊതു ടാപ്പുകൾ മാത്രമേ ആവശ്യമായി വരൂ. വരൾച്ച സമയത്ത് പൊതു ടാപ്പുകളിൽ ഭൂരിഭാഗവും ആവശ്യമായി വരും എന്നത് യുക്തിക്കു നിരക്കുന്നതല്ല. കാരണം പൊതു ടാപ്പുകളിലും ഗാർഹിക ടാപ്പുകളിലും ഒരേ ലൈനിൽ നിന്നാണ് വെള്ളം ലഭിക്കുന്നത്.

ടി കാരണങ്ങളാൽ, പഞ്ചായത്ത് ജീവനക്കാരുടേയും പഞ്ചായത്ത് കമ്മറ്റി അംഗങ്ങളുടേയും കൂട്ടായ പരിശ്രമത്തിലൂടെ നിലവിലുള്ളതും ആവശ്യമുള്ളതുമായ പൊതുടാപ്പുകളുടെ വിശദാംശം അടിയന്തിരമായി കൃത്യപ്പെടുത്തേണ്ടതും നിലവിലില്ലാത്തതും ഉപയോഗമില്ലാത്തതുമായ കണക്ഷനുകൾ വിഛേദിക്കാൻ കേരള വാട്ടർ അതോറിറ്റിയോട് രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്. വിഷയത്തിൽ ഭരണസമിതിയുടെയും ഭരണ വകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ ഗുരുതര ന്യൂനതകൾ

2016-17 സാമ്പത്തിക വർഷം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിൽ മരാമത്തു വേലകളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന

ന്യൂനതകൾ കാണുന്നു.

1. ആവിഷ്കരിക്കപ്പെട്ട പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 1,19,87,554/-രൂപാ അടങ്കലിൽ ആകെ 46 മരാമത്ത് പദ്ധതികളാണ് ആവിഷ്കരിച്ചിരുന്നത് (സ്പിൽ ഓവർ 6, പുതിയവ 40). എന്നാൽ 21,49,149/- രൂപാ ചെലവിൽ കേവലം 10 പദ്ധതികൾ മാത്രമാണ് പൂർണ്ണമായി നടപ്പാക്കിയത് (സ്പിൽ ഓവർ 4, പുതിയത് 6). അതായത് കേവലം 22% പ്രവൃത്തികൾ മാത്രം പൂർത്തീകരിച്ചത്. പുതിയവയിൽ കേവലം 15%.

2. പദ്ധതികളുടെ മോണിറ്ററിംഗ് നടത്താതെ ചെലവു നടത്തി

GO(MS)4/2016/ത.സ്വ.ഭ.വ. തീയതി 11.1.2016 പ്രകാരം പുറപ്പെടുവിച്ച 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (ഖണ്ഡിക 22) പ്രകാരം ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തണമെന്നും മോണിറ്ററിംഗ് സമിതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉണ്ടാകരുത് എന്നും നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമേ ഫൈനൽ പേമെന്റ് നല്കാൻ പാടുള്ളു.

എന്നാൽ ഈ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ കാര്യത്തിൽ അസി. എൻജിനീയർ സ്വയം മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ തുക നല്കിയതായി കാണുന്നു. ഇത് ഗുരുതരമായ ചട്ട ലംഘനം ആണ്.

3. എഗ്രിമെന്റ് തയ്യാറാക്കിയതിൽ ന്യൂനതകൾ

കാലഹരണപ്പെട്ട മാതൃകയിലാണ് കരാർ ചമച്ചിട്ടുള്ളത്. 2012 ലെ PWD മാനുവൽ നിഷ്കർഷിക്കും പ്രകാരമുള്ള മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. കരാറിനൊപ്പം പ്രവൃത്തി വിവര പട്ടിക ഉൾപ്പെടുത്തുന്നില്ല, കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

4. രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല

മരാമത്ത് വേലകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അനുബന്ധ രേഖകളും കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എല്ലാ പ്രോജക്ടുകളുടെയും ചെലവിന്റെ പൂർണ്ണമായ വിശദാംശം പ്രോജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അതു പോലെ ആസ്തി രജിസ്റ്ററിലും ചെലവിന്റെ വിശദാംശം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/26.7.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ, ടാർ ലഭിക്കാൻ താമസിച്ചതു മൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നും, മോണിറ്ററിംഗ് റിപ്പോർട്ട് പഴയ ഫോമിൽ തയ്യാറാക്കി കൗണ്ടർ സൈൻ ചെയ്യുകയാണുണ്ടായതെന്നും, പുതിയ ഫോമിൽ സമിതി അംഗങ്ങളെക്കൊണ്ട് തയ്യാറാക്കി സൂക്ഷിക്കാമെന്നും, എഗ്രിമെന്റ് തയ്യാറാക്കുന്നതിലുണ്ടായ ന്യൂനതകൾ ആവർത്തിക്കില്ലാ എന്നും, രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമെന്നും പറയുന്നു.

മരാമത്ത് വേലകൾ നിയമാനുസൃത മോണിറ്ററിംഗ് സമിതി മോണിറ്റർ ചെയ്ത് റിപ്പോർട്ട് തയ്യാറാക്കാതെ ചെലവു നടത്തിയത് ഗുരുതര ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു. അതുപോലെ, മരാമത്ത് വേലകളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും നിയമാനുസൃതം തയ്യാറാക്കി സൂക്ഷിക്കാത്തത് ഗുരുതര സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിക്കുന്നതുമാണ്. ആയതിനാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ എല്ലാ മരാമത്ത് വേലകളും ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി പരിശോധിക്കേണ്ടതും ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചെലവുകളുടെ സാധുത പരിശോധിച്ച് നടപടി സ്വീകരിച്ച് വിശദാംശം രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. കൂടാതെ മരാമത്ത് വേലകളുമായി ബന്ധപ്പെട്ട മറ്റ് എല്ലാ രേഖകളും കൃത്യമായി തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ വകുപ്പുകളുടെയും (DDP, ആലപ്പുഴ & LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ) പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 വളഞ്ഞോട്ടുകടവ് ത്രാച്ചേരി റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ്

പ്രോജക്ട് നം. : S0048/17

കരാറുകാരൻ : മണിലാൽ (എസ്റ്റിമേറ്റ് നിരക്കിലും 10.50% കുറച്ച്)

ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. പ്രവൃത്തിയുടെ ഇനം 1 പ്രകാരം നിലവിലുണ്ടായിരുന്ന റോഡ് കൊത്തിയിളക്കി 20cm കനത്തിൽ ഉറപ്പിച്ചതായി കാണിച്ച് 180$m^3$ ന് 71.50/$m^3$ നിരക്കിൽ 12870/-രൂപ കണക്കാക്കി, ടെണ്ടർ വ്യത്യാസം കിഴിച്ച് 11519/-രൂപാ കരാറുകാരന് നല്കി. എന്നാൽ ഇവിടെ ഇനം 2 പ്രകാരം 10cm കനത്തിൽ ക്വാറി മക്ക് നിരത്തി ഉറപ്പിക്കുകയും, അതിനു മുകളിൽ ഇനം 3 പ്രകാരം 15cm കനത്തിൽ ഗ്രാവൽ നിറച്ച് ഉറപ്പിക്കുകയും അതിനു മുകളിൽ ഇനം 5 പ്രകാരം 7.5cm കനത്തിൽ മെറ്റലിംഗ് (Water Bound Macadam) നടത്തിയതുമായാണ് കാണിച്ചിട്ടുള്ളത്. ഇനം 2, 3എന്നിവ പ്രകാരമുള്ള വേലകൾ നിർവ്വഹിക്കപ്പെട്ടതായി കാണിച്ചിട്ടുള്ള സ്ഥിതിക്ക് ഇനം 1 പ്രകാരമുള്ള പ്രവൃത്തി ആവശ്യമില്ലാത്തതാണ്. മാത്രമല്ല ഈ ഇനം പ്രവൃത്തിയിൽ ഉറപ്പിക്കൽ നടത്തിയതായി കാണിച്ചിട്ടുണ്ടെങ്കിലും ഇതിനായി പവർ റോളർ ഉപയോഗിച്ചതായി കാണുന്നില്ല. പവർ റോളർ ഇല്ലാതെ ഇപ്രകാരം 20cm കനത്തിൽ ഉറപ്പിക്കുന്നത് പ്രായോഗികമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/28.7.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ ഇനം 1 പ്രകാരമുള്ള പ്രവൃത്തി JCB, റോളർ എന്നിവ ഉപയോഗിച്ച് ചെയ്തതായി പറയുന്നു. എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഇല്ലാത്തതിനാലും ഈ പ്രവൃത്തിയിൽ ആവശ്യമില്ലാത്തതായതിനാലും ഈയിനത്തിലുള്ള ചെലവ് രൂ.11519/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. ഇനം 3 പ്രകാരമുള്ള WBM 7.5cm കനത്തിൽ ചെയ്തതായി കാണിക്കുന്നുണ്ട് എങ്കിലും എപ്രകാരമാണ് ഇതിന്റെ കനം നിർണ്ണയിക്കപ്പെട്ടത് എന്ന് കാണിച്ചിട്ടില്ല. ലെവൽസ് എടുത്തിട്ടില്ല. മെറ്റീരിയലിന്റെ സ്റ്റാക്ക് അളവ് എടുത്തിട്ടുമില്ല. ആ സ്ഥിതിക്ക് മെറ്റലിംഗിന്റെ കനം കണക്കാക്കൽ യാതൊരു വിധത്തിലും പ്രായോഗികമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/28.7.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ സ്റ്റാക്ക് മെഷർമെന്റ് എടുത്തിരുന്നു എന്നും ആദ്യ WBM പ്രവൃത്തിയായിരുന്നതിനാൽ ലെവൽസ് എടുത്തിരുന്നില്ല എന്നും പറയുന്നു. എന്നാൽ വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ സ്റ്റാക്ക് മെഷർമെന്റ് എടുത്തിരുന്നു എങ്കിൽ തന്നെയും വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അളവ് എത്രയാണെന്ന് വ്യക്തമല്ല.

3. GO(MS)4/2016/ത.സ്വ.ഭ.വ. തീയതി 11.1.2016 പ്രകാരം പുറപ്പെടുവിച്ച 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (ഖണ്ഡിക 22) പ്രകാരം ഓരോ പ്രോജക്റ്റിന്റെയും മോണിറ്ററിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തണമെന്നും മോണിറ്ററിംഗ് സമിതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉണ്ടാകരുത് എന്നും നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമേ ഫൈനൽ പേമെന്റ് നല്കാൻ പാടുള്ളു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/28.7.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, മോണിറ്ററിംഗ് റിപ്പോർട്ട് പഴയ ഫോമിൽ തയ്യാറാക്കി കൌണ്ടർ സൈൻ ചെയ്യുകയാണുണ്ടായതെന്നും, പുതിയ ഫോമിൽ സമിതി അംഗങ്ങളെക്കൊണ്ട് തയ്യാറാക്കി സൂക്ഷിക്കാമെന്നും പറയുന്നു.

എന്നാൽ ഈ പ്രവർത്തിയുടെ കാര്യത്തിൽ അസിസ്റ്റന്റ് എൻജിനീയർ സ്വയം മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ തുക നല്കിയതായി കാണുന്നു. ഇത് ഗുരുതരമായ ചട്ട ലംഘനം ആണ്.

ടി പരാമർശം 2, 3 എന്നിവയിലെ കാരണങ്ങളാൽ, ഈ പ്രവൃത്തിയുടെ പേരിൽ നടത്തിയ ചെലവ് രൂ.345855/- ൽ നിന്നും ടി ഒന്നാം പരാമർശം പ്രകാരം അംഗീകരിക്കാത്ത തുക രൂ.11519/- കിഴിച്ച് ബാക്കി ചെലവ് രൂ.334336/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പരാമർശം 1 പ്രകാരം അംഗീകരിക്കാത്ത തുക രൂ.11519/- തിരികെ ഈടാക്കി പഞ്ചായത്ത് നിധിയിൽ ഒടുക്കേണ്ടതാണ്.

ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സംബന്ധിച്ച വിശദമായ അളവു നടത്തി പുനർ മൂല്യ നിർണ്ണയം ചെയ്ത് കരാറുകാരന് അധികം തുക നല്കിയിട്ടുള്ള പക്ഷം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. വിഷയം ഭരണ വകുപ്പിന്റെ (LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ) ശ്രദ്ധയിൽപ്പെടുത്തുന്നു.

---

*അനുബന്ധ വിവരങ്ങൾ :-*

| | | |
|---|---|---|
| *സാങ്കേതികാനുമതി നം.* | :- | 30136/2016-17 |
| *കരാർ നം.* | :- | 14/AE/LSGD/KPLY/16-17<br>തീയതി, 25.1.2017 |

| | | |
|---|---|---|
| *അളവു പുസ്തകം നം* | :- | 285/KPLY/16-17 |
| *ആകെ മൂല്യം* | :- | രൂ. 345855/- |
| *കരാറുകാരന് നല്കിയ തുക* | :- | രൂ. 325103/- |
| *ബിൽ വിവരങ്ങൾ* | :- | *Bill No. 21/16-17 തീയതി,31.3.2017 രൂ. 345855/-* |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | :- | *ശ്രീ.ഷാജിലാൽ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *ചെക്ക മെഷർ നടത്തിയത്* | :- | *അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹരിപ്പാട് ബ്ലോക്ക്* |

## 3-5 കൈപ്പള്ളിൽ നെടിയത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ്, വാർഡ് 12

പ്രോജക്ട് നം. : S0062/17

കരാറുകാരൻ : പ്രമോദ്.കെ (എസ്റ്റിമേറ്റ് നിരക്കിലും 13.86% കുറച്ച്)

ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. പ്രവൃത്തിയിൽ ഇനം 4, 5, 6, 7 എന്നിവ പ്രകാരം 810 ച.മീ. റോഡ് ടാർ ചെയ്തതായി കാട്ടി തുക നല്കിയിട്ടുണ്ട്. പ്രവൃത്തിയിൽ ടാറിന് പാക്ക് ബിറ്റുമിന്റെ വിലയാണ് നല്കിയിട്ടുള്ളത്. ആയതിനാൽ ബാരൽ വില കുറച്ച മാത്രമാണ് കരാറുകാരന് ബിൽ തുക നല്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ ഈയിനത്തിൽ തുക കുറവു ചെയ്യാതെയാണ് കരാറുകാരന് തുക നല്കിയത്. ആയതിനാൽ താഴെപ്പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

ആകെ ടാറിംഗ് വിസ്തീർണ്ണം = 810 ച.മീ.

MORD സ്പെസിഫിക്കേഷൻ പ്രകാരം അനുവദിക്കപ്പെട്ട ടാറിന്റെ അളവ്

= 810 x 3.235 = 2620.35kg = 16 ബാരൽ

ഈടാക്കേണ്ടിയിരുന്ന തുക = 16 x 250 = 4000/-

ഇതു മൂലം ഉണ്ടായ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. GO(MS)4/2016/ത.സ്വ.ഭ.വ. തീയതി 11.1.2016 പ്രകാരം പുറപ്പെടുവിച്ച 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (ഖണ്ഡിക 22) പ്രകാരം ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തണമെന്നും മോണിറ്ററിംഗ് സമിതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉണ്ടാകരുത് എന്നും നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമേ ഫൈനൽ പേമെന്റ് നല്കാൻ പാടുള്ളൂ.

എന്നാൽ ഈ പ്രവർത്തിയുടെ കാര്യത്തിൽ അസിസ്റ്റന്റ് എൻജിനീയർ സ്വയം മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ തുക നല്കിയതായി കാണുന്നു. ഇത് ഗുരുതരമായ ചട്ട ലംഘനം ആണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/28.7.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ അംഗീകരിക്കാത്ത തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും, മോണിറ്ററിംഗ് റിപ്പോർട്ട് പഴയ ഫോമിൽ തയ്യാറാക്കി കൗണ്ടർ സൈൻ ചെയ്യുകയാണുണ്ടായതെന്നും, പുതിയ ഫോമിൽ സമിതി അംഗങ്ങളെക്കൊണ്ട് തയ്യാറാക്കി സൂക്ഷിക്കാമെന്നും പറയുന്നു.

പരാമർശം 1 പ്രകാരം അംഗീകരിക്കാത്ത തുക രൂ.4000/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സംബന്ധിച്ച വിശദമായ അളവു നടത്തി പുനർ മൂല്യ നിർണ്ണയം ചെയ്ത് കരാറുകാരന് അധികം തുക നല്കിയിട്ടുള്ള പക്ഷം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

---

*അനുബന്ധ വിവരങ്ങൾ:*

-

| | | |
|---|---|---|
| *സാങ്കേതികാനുമതി നം.* | :- | 30217/2016-17 |
| *കരാർ നം.* | :- | 18/AE/LSGD/KPLY/16-17<br>തീയതി, 25.1.2017 |
| *അളവു പുസ്തകം നം* | :- | 274/KPLY/16-17 |
| *ആകെ മൂല്യം* | :- | രൂ. 378643/- |
| *കരാറുകാരന് നല്കിയ തുക* | :- | രൂ. 355925/- |
| *ബിൽ വിവരങ്ങൾ* | :- | *Bill No. 23/16-17 തീ. 31.3.2017*<br>രൂ. 355925/- |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | :- | *ശ്രീ.ഷാജിലാൽ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *ചെക്ക മെഷർ നടത്തിയത്* | :- | *അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ, ഹരിപ്പാട് ബ്ലോക്ക്* |

## 3-6 എം.ജി.എൻ.ആർ.ഇ.ജി.എസ് - സപ്ലൈ കോൺട്രാക്റ്റ് - മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി വഴി വിവിധ നിർമ്മാണങ്ങൾക്കുള്ള സാധനങ്ങൾ സപ്ലൈ ടെൻഡർ ക്ഷണിച്ച് കരാറുകാരെ ഏൽപ്പിച്ചിരുന്നു. എന്നാൽ ഇവർ സപ്ലൈ ചെയ്ത മെറ്റൽ, എം.സാന്റ്, ഗ്രാവൽ മുതലായവക്ക് മൂല്യവർദ്ധിത നികുതി കിഴിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. കരാറുകാർ വാറ്റ് അടച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ഇത് മൂലം സംസ്ഥാന സർക്കാരിന് ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു. മൂല്യവർദ്ധിത നികുതിയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടത്തെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ വാണിജ്യനികുതി വകുപ്പിന് ശുപാർശ ചെയ്യുന്നു.

| ക്ര. നം. | പ്രവൃത്തിയുടെ പേര്, FTO നമ്പരും തീയതിയും | കരാറുകാരന്റെ പേര് | ആകെ സാധന വില | ഇതിൽ മെറ്റൽ, എം. സാന്റ്, എന്നിവയുടെ വില | ഗ്രാവൽ വില |
|---|---|---|---|---|---|
| 1. | ഇലവന്തിക്കര-ഉമനിവാസ് നടപ്പാത കോൺക്രീറ്റിങ്, 7-ാം വാർഡ് | വിജയൻ, വിഷ്ണു ഭവനം, ചേപ്പാട് | 474540 | 328244.4 | |
| 2. | മീനങ്ങാട് കോളനി നടപ്പാത കോൺക്രീറ്റിങ്, 9-ാം വാർഡ് | ഹരികുമാർ, പറത്തറ, ഹരിപ്പാട് | 318523 | 232275.13 | |
| 3. | ബഥേൽ വർക്ക്ഷോപ്പ് മുതൽ നാലുപറയിൽ വരെ നടപ്പാത കോൺക്രീറ്റിങ്, 7-ാം വാർഡ് | വിജയൻ, വിഷ്ണു ഭവനം, ചേപ്പാട് | 433463 | 298827.45 | |

| | | | | | |
|---|---|---|---|---|---|
| 4. | മുട്ടിങ്കൽ- വൈപ്പിൽ കോളനി നടപ്പാത കോൺക്രീറ്റിങ്, 3-ാം വാർഡ്, 1 stage | മനോഹരൻ, താഴ്ചയിൽ, വലിയപറമ്പ് | 255375 | 176663 | |
| 5. | പണ്ടാരച്ചിറ- നീലംകാട് നടപ്പാത കോൺക്രീറ്റിങ്, 2-ാം വാർഡ് | വിനോദ്.വി., ആലംപള്ളിൽ, പള്ളിപ്പാട് | 285788 | 197841 | |
| 6. | ജയകൃഷ്ണ ഫാർമസി, നടപ്പാത കോൺക്രീറ്റിങ്, 12-ാം വാർഡ് | മനോഹരൻ, താഴ്ചയിൽ, വലിയപറമ്പ് | 300895 | 208432.6 | |
| 7. | പൂവടിയിൽ - പണ്ട്യാലയ്ക്കൽ നടപ്പാത കോൺക്രീറ്റിങ്, 10-ാം വാർഡ് | വിനോദ്.വി., ആലംപള്ളിൽ, പള്ളിപ്പാട് | 255375 | 176629.6 | |
| 8. | മാതുകളങ്ങര നടപ്പാത കോൺക്രീറ്റിങ്, 5-ാം വാർഡ് | വിനോദ്.വി., ആലംപള്ളിൽ, പള്ളിപ്പാട് | 383500 | 252112.9 | |
| 9. | ഊടംതറ നടപ്പാത കോൺക്രീറ്റിങ്, 1-ാം വാർഡ് | മാത്യൂ വർഗ്ഗീസ്, ഈരിയ്ക്കൽ ഹൌസ്, പള്ളിപ്പാട് | 291788 | 183629.05 | |
| 10. | മുട്ടിങ്കൽ- വൈപ്പിൽ കോളനി നടപ്പാത കോൺക്രീറ്റിങ്, 3-ാം വാർഡ്, 11 stage | മനോഹരൻ, താഴ്ചയിൽ, വലിയപറമ്പ് | 373709 | 259662.5 | |
| 11. | വിളക്കുമാടം- വടകരതെക്കതിൽ കോളനി നടപ്പാത കോൺക്രീറ്റിങ്, 6-ാം വാർഡ്, | മാത്യൂ വർഗ്ഗീസ്, ഈരിയ്ക്കൽ ഹൌസ്, പള്ളിപ്പാട് | 207888 | 143274.74 | |
| 12. | മാങ്കിയിൽ ഉണ്ടത്തിൽ നടപ്പാത കോൺക്രീറ്റിങ്, 4-ാം വാർഡ്, | വിനോദ്.വി., ആലംപള്ളിൽ, പള്ളിപ്പാട് | 285788 | 168721 | |
| 13. | പൂവടിയിൽ - പണ്ട്യാലയ്ക്കൽ നടപ്പാത കോൺക്രീറ്റിങ്, 10-ാം വാർഡ് | വിനോദ്.വി., ആലംപള്ളിൽ, പള്ളിപ്പാട് | 405562 | 266260.83 | |
| 14. | പണ്ടാരച്ചിറ- നീലംകാട് നടപ്പാത | വിനോദ്.വി., ആലംപള്ളിൽ, | 285788 | 197841 | |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിങ്, 2-ാം വാർഡ് | പള്ളിപ്പാട് | | | |
| 15. | മാതുകുളങ്ങര നടപ്പാത കോൺക്രീറ്റിങ്, 5-ാം വാർഡ് | വിനോദ്.വി., ആലംപള്ളിൽ, പള്ളിപ്പാട് | 374412 | 260001 | |
| 16. | ജയകൃഷ്ണ ഫാർമസി, നടപ്പാത കോൺക്രീറ്റിങ്, 12-ാം വാർഡ് | മനോഹരൻ, താഴ്ചയിൽ, വലിയപറമ്പ് | 300894 | 208432.83 | |
| 17. | ഗുരുമന്ദിരം മുതൽ സുലേഖ ഭവനം വരെ നടപ്പാത കോൺക്രീറ്റിങ്, 13-ാം വാർഡ് | മാത്യൂ വർഗ്ഗീസ്, ഈരിയ്ക്കൽ ഹൌസ്, പള്ളിപ്പാട് | 390214 | 276718.55 | |
| 18. | SC കുടുംബത്തിന് മണ്ണിട്ടുയർത്തൽ, 5-ാം വാർഡ് | മാത്യൂ വർഗ്ഗീസ്, ഈരിയ്ക്കൽ ഹൌസ്, പള്ളിപ്പാട് | 67178 | | 67178 |
| 19 | SC കുടുംബത്തിന് മണ്ണിട്ടുയർത്തൽ, 5-ാം വാർഡ് | മാത്യൂ വർഗ്ഗീസ്, ഈരിയ്ക്കൽ ഹൌസ്, പള്ളിപ്പാട് | 70864 | | 70864 |
| 20. | SC കുടുംബത്തിന് മണ്ണിട്ടുയർത്തൽ, 10-ാം വാർഡ് | മാത്യൂ വർഗ്ഗീസ്, ഈരിയ്ക്കൽ ഹൌസ്, പള്ളിപ്പാട് | 41369 | | 41369 |
| 21. | കളിസ്ഥല നിർമ്മാണവും ഔഷധ സസ്യങ്ങളുടെസനടീൽ വാർഡ് 10 | മാത്യൂ വർഗ്ഗീസ്, ഈരിയ്ക്കൽ ഹൌസ്, പള്ളിപ്പാട് | 146895 | | 146895 |
| 22. | അംഗൺവാടി ഭൂമി മണ്ണിട്ടുയർത്തൽ, 6-ാം വാർഡ് | മാത്യൂ വർഗ്ഗീസ്, ഈരിയ്ക്കൽ ഹൌസ്, പള്ളിപ്പാട് | 42830 | | 42830 |
| 23. | മാങ്കിയിൽ ഉണ്ടത്തിൽ നടപ്പാത കോൺക്രീറ്റിങ്, 4-ാം വാർഡ്. | വിനോദ്.വി., ആലംപള്ളിൽ, പള്ളിപ്പാട് | 379044 | 263126 | |
| 24. | ഗുരുമന്ദിരം മുതൽ സുലേഖ ഭവനം വരെ | മാത്യൂ വർഗ്ഗീസ്, | 390214 | 276718.55 | |

| | | | | | |
|---|---|---|---|---|---|
| | നടപ്പാത കോൺക്രീറ്റിങ്, 13-ാം വാർഡ് | ഈരിക്കൽ ഹൌസ്, പള്ളിപ്പാട് | | | |
| ആകെ | | | 6761896 | 4375412.13 | 369136 |

## 3-7 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവിച്ചു

പ്രോജക്ട് നമ്പർ - S0123/17

നിർവ്വഹണം - എച്ച്.എം, ഗവ.യു.പി.എസ്.മഹാദേവികാട്

ചെലവ്- ബിൽ നമ്പർ - 2-16/17 തീയതി, 14.2.17 – 30,000/-

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രോജക്ടിലുൾപ്പെടുത്തി കേഡറ്റുകളുടെ ഭക്ഷണ ചെലവിനായി 30,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(സാധാ) 3/12 ത.സ്വ.ഭ.വ. തീയതി,2.1.12 ഉത്തരവ് പ്രകാരം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്ന് 50,000/-രൂപ ചെലവഴിക്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ ഇതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് ചെലവഴിച്ചത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. ആയതിനാൽ ചെലവ് തുക രൂ.30,000/- തടസ്സപ്പെടുത്തുന്നു.

## 3-8 പ്രിന്റിംഗ് അധിക നിരക്ക് നൽകി, മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല

പദ്ധതി നമ്പർ , പേര് - എസ്. 0020/ 07, പദ്ധതി നിർവ്വഹണ ചെലവ്

ആകെ അടങ്കൽ, ചെലവ് - 150000/-, 146441/-.

പ്രിന്റിംഗ് ചെലവ് - 32050 രൂപ

ട്രഷറി ബിൽ നമ്പർ, തീയതി - 520/2901162, 25-3-2017

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പഞ്ചായത്തിന്റെ 2016-17ലെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ടുള്ള വിവിധ പ്രിന്റിംഗ് ജോലികൾ നിർവ്വഹിച്ച വകയിൽ 32050 രൂപ KNK എന്റർപ്രൈസസ് (KNK ഓഫ്സെറ്റ്) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത പ്രസ്തുത സ്ഥാപനവുമായി കരാർ വച്ചാണ് പ്രിന്റിംഗ് നടത്തിയിട്ടുള്ളത്. എന്നാൽ കേരള വാറ്റ് ആക്ട് സെക്ഷൻ 10 പ്രകാരം ഈടാക്കേണ്ടിയിരുന്ന നാല് ശതമാനം വാറ്റ് ഈടാക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകുകയാണ് ഉണ്ടായത്. ഇത് നിമിത്തം സംസ്ഥാന സർക്കാരിന് 1282രൂപയുടെ (32050*4/100) നഷ്ടം സംഭവിച്ചു.

സ്ഥാപനം ഹാജരാക്കിയ ക്വട്ടേഷനും 21/2/17 ലെ കരാറും അനുസരിച്ച് പദ്ധതി രേഖ പ്രിന്റിംഗിന് കവർ ഷീറ്റിന് ഏഴ് രൂപയും ഒറ്റപ്പുറം എ4 സൈസ് ഷീറ്റ് പ്രിന്റിംഗിന് 1.75 രൂപയും ഇരുപുറം എ4 സൈസ് ഷീറ്റ് പ്രിന്റിംഗിന് 2.25 രൂപയുമാണ് ഈടാക്കാവുന്ന ചാർജ്ജ്. എന്നാൽ 2906 രൂപ അധികമായി പ്രിന്റിംഗ് ചാർജ്ജിനത്തിൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | കവർ ഷീറ്റ് എണ്ണം | വൺസൈഡ് പ്രിന്റഡ് ഷീറ്റ് | ഡബിൾ സൈഡ്പ്രിന്റഡ് ഷീറ്റ് | കോപ്പികൾ | ആകെ തുക | ബിൽ പ്രകാരം നൽകിയ തുക | അധിക തുക |
|---|---|---|---|---|---|---|---|
| കരട് പദ്ധതി രേഖ | 2 | 3 | 6 | 75 | 2456 | 3375 | 919 |
| അന്തിമ പദ്ധതി രേഖ | 2 | 3 | 13 | 75 | 3638 | 5625 | 1987 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9/28-7-2017) പ്രസ്തുത തുക കെ.എൻ.കെ എന്റർപ്രൈസസിൽ നിന്ന് ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് നഷ്ടമായ 2906 രൂപയും വാറ്റിനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടമായ 1282രൂപയും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി യഥാക്രമം, ഗ്രാമപഞ്ചായത്തു നിധിയിലും സർക്കാറിലും ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 പഞ്ചായത്ത് ഓഫീസിന് ഫർണീച്ചർ വാങ്ങൽ - ന്യൂനതകൾ

പ്രോജക്ട് നമ്പർ - SO132/17

നിർവ്വഹണം - സെക്രട്ടറി

ചെലവ് - 5,00,000/- രൂപ, വികസനഫണ്ട് (ബിൽ നമ്പർ 520/2901195 തീയതി, 31.3.17)

പ്രോജക്ടിലുൾപ്പെടുത്തി ഫോറസ്റ്റ് ഇൻഡസ്ട്രീസ് കോർപ്പറേഷന് 5,00,000/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ (ആർ.ടി)നം.12/2017/എസ്.പി.ഡി/07.03.2017 (11.12.2016മുതൽ പ്രാബല്യം) നമ്പർ ഉത്തരവിലെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണ്ണിച്ചറുകൾ മാത്രമാണ് ഫോറസ്റ്റ് ഇൻഡസ്ട്രീസിൽ നിന്ന് ടെൻഡർ കൂടാതെ വാങ്ങുവാൻ സർക്കാർ അനുമതിയുള്ളത്. എന്നാൽ പഞ്ചായത്തിന്റെ ആവശ്യത്തിലേക്ക് വാങ്ങുവാൻ തീരുമാനിച്ച സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചറുകളിൽ ഒരിനം ഒഴിച്ച് ബാക്കിയൊന്നും തന്നെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇപ്രകാരം സർക്കാർ ടെൻഡർ കൂടാതെ വാങ്ങാൻ അനുവദിച്ചിട്ടില്ലാത്ത ഫർണിച്ചറുകൾ വാങ്ങുന്നതിന് 5,00,000/- രൂപ നൽകി.
2. ഫോറസ്റ്റ് ഇൻഡസ്ട്രീസുമായി ഏർപ്പെട്ട 24/16-17 തീയതി, 20.3.17 നമ്പർ എഗ്രിമെന്റിൽ ഫർണ്ണിച്ചറുകൾ നൽകേണ്ട തീയതി സംബന്ധിച്ചോ, നിശ്ചിത സമയപരിധിക്കകം നൽകിയില്ലങ്കിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചോ ഉള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
3. മുകൂറായി തുക കൈമാറി 3 മാസം കഴിഞ്ഞിട്ടും ഫർണിച്ചർ ലഭിച്ചിട്ടില്ല

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/29.7.2017 നുള്ള മറുപടിയിൽ ആഞ്ഞിലി, തേക്ക് തടികളുടെ ലഭ്യത കുറവ് മൂലമാണ് ഓർഡറുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതെന്ന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് അറിയിച്ചതായി പറയുന്നു. കൂടാതെ 20.8.16 ലെ ജി.ഒ.(ആർ.ടി.)നം.2487/16 । ത.സ്വ.ഭ.വ. ഉത്തരവിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ്സ് കോർപ്പറേഷനിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുവദിച്ചിട്ടുണ്ടന്നും പറയുന്നു. എന്നാൽ ടി ഉത്തരവിൽ ഇത്തരമൊരു നിർദ്ദേശമില്ല. മേൽ അപാകതകളാൽ 5,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 വയോജനങ്ങൾക്ക് വീൽ ചെയർ നൽകൽ - വീൽചെയറുകൾ ലഭിച്ചില്ല

1. പ്രോജക്ട് നമ്പർ - SO105/17(ജനറൽ)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ- 1,00,000/- രൂപ, വികസനഫണ്ട്

ചെലവ് - 98532/- ബിൽ നമ്പർ 01130/16-17തീ.30.3.17)

2. പ്രോജക്ട് നമ്പർ - SO106/17(എസ്സ്.സി.)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ- 25,000/- രൂപ, വികസനഫണ്ട്

ചെലവ് - 25,704/-ബിൽ നമ്പർ 01174/16-17തീയതി, 30.3.17)

വയോജനങ്ങൾക്ക് വീൽ ചെയർ വാങ്ങി നൽകുന്നതിനുള്ള ജനറൽ, എസ്സ്.സി. പ്രോജക്ടുകളിലുൾപ്പെടുത്തി യഥാക്രമം 98,532/- രൂപയും (23x4200+ ഹാൻഡിലിങ് ചാർജ്ജ് -1932) 25,704/- രൂപയും (6x4200+ ഹാൻഡിലിങ് ചാർജ്ജ് -504) കേരള മെഡിക്കൽ സ്രവ്വീസസ്സ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും വീൽ ചെയറുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല. കൂടാതെ പ്രോജക്ടിൽ ഉൾപ്പെടുത്തി വീൽ ചെയർ നൽകാൻ കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിശദാംശവും ലഭ്യമാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറി നം.5/28.7.2017 നള്ള മറുപടിയ്ക്കൊപ്പം ഗ്രമപഞ്ചായത്തിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഗുണഭോക്തൃലിസ്റ്റിന്റെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഇവരുടെ അർഹത പരിശോധിച്ചിട്ടില്ല. ലിസ്റ്റിൽ ഉൾപ്പെട്ടവർ ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരണണോ, എസ്.സ്സി. പ്രോജക്ടിന്റെ കാര്യത്തിൽ എസ്.സ്സി. വിഭാഗക്കാരണെന്നോ വയോജനങ്ങളാണെന്നോ, മുൻപ് ആനുകൂല്യം ലഭിക്കാത്തവരാണെന്നോ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. മേൽ അപാകതകളാൽ രണ്ട് പ്രോജക്ടിനുമായി ചെലവഴിച്ച 124236/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 ആയുർവേദാശുപത്രിക്ക് മരുന്ന് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നമ്പർ - S0028/17

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ- 436592/- രൂപ,

ചെലവ് -

ബിൽ നമ്പർ 1-16/17തീയതി,30.1.17 – 2,00,000/- പാട്യം സർവ്വീസ് സഹകരണ സംഘത്തിന് നൽകി

ബിൽ നമ്പർ 2-16/17തീ.27.2.17 – 2,36,592/- ഔഷധിക്ക് നൽകി

പ്രോജക്ടിലുൾപ്പെടുത്തി 4,36,592/- രൂപ മരുന്നിനായി നൽകിയെങ്കിലും ഔഷധിക്ക് നൽകിയ തുകയിൽ 60,211/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 176381/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.7/28.7.2017 നൽകിയതിനുള്ള മറുപടിയിൽ മരുന്ന് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ലാത്തതിനാലാണ് മരുന്ന് നൽകാത്തതെന്ന ഔഷധിയുടെ എസ്1 – 144/14 തീയതി, 22.7.17 നമ്പർ കത്ത് ഹാജരാക്കുകയുണ്ടായി. മരുന്നുകൾ ലഭ്യമാകാത്തതിനാൽ 176381/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-12 പാലിയേറ്റീവ് കെയർ പ്രോജക്ട് - വാഹന വാടക അധികം നൽകി

പ്രോജക്ട് നമ്പർ - S0094/17

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

ചെലവ് - ബിൽ നമ്പർ 0169-16/17തീയതി, 24.1.17 – 26500/-

ബിൽ നമ്പർ 0193-16/17തീയതി, 13.3.17 – 18550/

ബിൽ നമ്പർ 01131-16/17തീയതി, 30.3.17 – 36150

സ.ഉ.(സാധാ)3217/15 തീയതി, 29.10.15 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിനായി ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകക്ക് എടുക്കുമ്പോൾ 25-34 കി.മീറ്റർ ഓടുന്നതിന് വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസവാടക 900/-രൂപയാണ്. S0094/17 പ്രോജക്ടിനോടൊപ്പമുള്ള ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ചതിൽ ഹോംകെയറുകൾക്കായി നടത്തിയ യാത്രകളെല്ലാം 34 കി.മീറ്ററിനകത്തുള്ളതാണ്. എന്നാൽ ഒരു യാത്രക്ക് 950/-രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. 60ഹോംകെയറുകൾക്കായി 3000/-രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത നിരക്കിൽ അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/28.7.2017 നള്ള മറുപടിയിൽ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നിരക്കാണ് അംഗീകരിച്ചതെന്നാണ്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. സർക്കാർ നിർദ്ദേശത്തിൽ അധികരിച്ച് ചെലവഴിച്ച 3000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 3-13 പി.എച്ച്.സി - മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചില്ല

പ്രോജക്ട് നമ്പർ - S0087/17

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ- 70,000/-രൂപ

ചെലവ് - ബിൽ നമ്പർ 0172-16/17തീയതി,13.3.17

മരുന്ന് വാങ്ങുന്നതിനായി 70,000/- രൂപ (ബിൽ നം.0172-16/17തീ.13.3.17, മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്)

കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.8/28.7.2017 നൽകിയതിന് മരുന്നുകൾ ലഭിച്ചിട്ടില്ലന്നാണ് അറിയിച്ചത്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ 70,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ഒ.ഡി.എഫ്. പദ്ധതി - ഒരവലോകനം

ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം ODF പദ്ധതിയിൽ ഉൾപ്പെടുത്തി 336 പേർ ലാട്രിൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വികസന ഫണ്ട് 51,74,400 രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചിരുന്നത്. ഇതു സംബന്ധമായ മാർഗ്ഗ നിർദ്ദേശ പ്രകാരം ഒരു ഗുണഭോക്താവിന് സ്വച്ഛ് ഭാരത് മിഷൻ വിഹിതം 12000 രൂപയും വികസന ഫണ്ട്/തനത് ഫണ്ട് 3400 രൂപയുമാണ് ചെലവഴിക്കേണ്ടത്. പദ്ധതി നിർവ്വഹണത്തിനു മുൻപ് സ്വച്ച് ഭാരത് മിഷൻ വിഹിതം ലഭിക്കാതിരുന്നതുമൂലം വികസനഫണ്ട് ഉപയോഗിച്ച് ആനുകൂല്യ വിതരണം നടത്തുകയാണുണ്ടായത്. ഈയിനത്തിൽ സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ലഭിക്കേണ്ടിയിരുന്നത് 40,32,000/-രൂപയാണ് (336x12000). എന്നാൽ 31,44,960 രൂപ മാത്രമാണ് ഓഡിറ്റ് സമയം വരെ സ്വച്ഛ് ഭാരത് മിഷനിൽ നിന്ന് തിരികെ ലഭിച്ചിട്ടുള്ളത്. ഇപ്രകാരം തിരികെ ലഭിച്ച തുക അനിവാര്യ പ്രോജക്ടുകൾ എടുത്ത ശേഷം ശുചിത്വ പ്രോജക്ടുകൾക്ക് വിനിയോഗിക്കുന്നതിന് 28.12.16 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മറ്റി ശുപാർശ ചെയ്തിരുന്നു. കോർഡിനേഷൻ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വച്ഛ് ഭാരത് മിഷനിൽ നിന്ന് ലഭിച്ച 31,44,960 രൂപയിൽ 7,40,157 രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ബാക്കിയുള്ള 24,04,803 രൂപ വിനിയോഗിക്കേണ്ടതും, ഈയിനത്തിൽ ശേഷിക്കുന്ന 8,87,040 രൂപ തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

റസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

മുന്നിരുപ്പ് - 5854570

വരവ് - 33673257

ആകെ - 39527827

ചെലവ് - 30076864

നീക്കിയിരുപ്പ്- 9450963

നീക്കിയിരുപ്പ് തുക പാസ്ബുക്കിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. മുന്നിരുപ്പിലും നീക്കിയിരുപ്പിലും (RP 40A, B ഷെഡ്യൂളുകളിൽ) ട്രഷറി റ്റി.പി. അക്കൗണ്ടിൽ 507 രൂപ കാണുന്നു. ഇതിന്റെ പാസ്ബുക്ക്, ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് ഏതിനത്തിലെ വരവാണെന്നും വ്യക്തമായിട്ടില്ല.
2. സ്ഥിര ആസ്തികൾക്കായുള്ള ചെലവ് വിവരിക്കുന്ന RP 38 ഷെഡ്യൂളിൽ റോഡ് കോൺക്രീറ്റ് ഇനത്തിൽ 108564 രൂപയാണ് കാണിച്ചിട്ടുള്ളത്. എ.ഇ നൽകിയ പത്രിക പ്രകാരം ഇത് 209089രൂപയാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ് വഴി നിർമ്മിച്ചിരിക്കുന്ന കോൺക്രീറ്റ് റോഡുകൾക്കായി ചെലവഴിച്ച തുക ഇതിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇതേ ഷഡ്യൂളിൽ മെറ്റൽ റേഡിനായി 378643രൂപയും ഗ്രാവൽ റോഡിനായി 345855 രൂപയും ചെലവഴിച്ചതായിക്കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈ തുകകൾ യഥാക്രമം ബിറ്റുമിനസ് റോഡിനും മെറ്റൽ റോഡിനുമായി ചെലവഴിച്ചതാണ്.
3. RP31 ഷെഡ്യൂളിൽ 320700104 ശീർഷകത്തിൽ സംയുക്ത പ്രോജക്ടിന് മൂലധന ചെലവിനായി ബ്ലോക്ക്

പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ ഈ തുക പാൽ ഇൻസെന്റീവിനായി ലഭിച്ചതാണ്. ഈ ആവശ്യത്തിനാണ് ചെലവഴിച്ചിട്ടുള്ളതും. ഇത് 320700204 എന്ന ശീർഷകത്തിൽ റവന്യൂ ചെലവിനായി ലഭിച്ച തുക എന്ന നിലയിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മന്റ്

സ്ഥാപനത്തിന്റെ തൻവർഷ ആദായ വ്യയങ്ങളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

ആകെ ആദായം - 103987115

(-)ആകെ വ്യയം - 106835713

മൊത്ത നഷ്ടം - 2848598

(+) മുൻകാല ഇനം - 44776

ഡെഫിസിറ്റ് - 2893374

പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. കോൺക്രീറ്റ് റോഡ് ഉൾപ്പടെ മൂലധന ചെലവിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ൽ ഉൾപ്പെടുത്തിയിരിക്കുന്നു. മൂലധനചെലവുകൾ ഇതിൽ വരാൻ പാടില്ലാത്തതാണ്.
2. മുൻകാല ഇനങ്ങൾ ആയി (2-18 ഷെഡ്യൂൾ) കാണിച്ചിരിക്കുന്ന തുകകൾ വിശദീകരിക്കപ്പെട്ടില്ല.

ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31/3/2017 ലെ സാമ്പത്തിക നില ചുവടെ ചേർക്കുന്നു

ആകെ ആസ്തി - 34852155

(-)റിസർവ്വം ഈയർമാർക്ക്ഡ് ഫണ്ടും ഉൾപ്പടെ ആകെ ബാദ്ധ്യത - 43208586

പഞ്ചായത്ത് ഫണ്ട് - (-) 8356430

പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി നൽകിയിട്ടില്ല.
2. 2016-17 ൽ സ്വരൂപിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആകയാൽ ബാലൻസ് ഷീറ്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.
3. 2016-17 ൽ നിർമ്മിച്ച മെറ്റൽഡ് റോഡുകളെ ഗ്രാവൽ റോഡുകളായും ബിറ്റുമിനസ് റോഡുകളെ മെറ്റൽ റോഡുകളായും കണക്കാക്കിയത് നിമിത്തം ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകം ഉണ്ടാകുന്നു.
4. എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ടുപയോഗിച്ച് നിർമ്മിച്ച കോൺക്രീറ്റ് റോഡുകൾ ആസ്തിയായി ആസ്തിരജിസ്റ്ററിലോ ബാലൻസ് ഷീറ്റിലോ ഉൾപ്പെടുത്തുന്നില്ല.

4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50000 | അങ്കണവാടി പോഷകാഹാരം | 50000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | പാൽ ഇൻസെന്റീവ് | 100000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുനിനവർക്കുള്ള സ്കോളർഷിപ്പ് | 00 | 50000 |
| ജില്ലാ പഞ്ചായത്ത് | 50000 | | 00 | 50000 |

4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | GO(Rt)No. 960/10/lsgd തീയതി, 20/3/2010 | 9736330 | 3711505 | 989700 | 00 | 2721805 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7ഓഡിറ്റ് റിക്കവറി

ഇല്ല

4-8സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,36,73,257/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,00,76,864/- |
| വരവിനങ്ങളിലുള്ള നഷ്ടം | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21,425/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,34,953/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | - | 11519 | ഷാജിലാൽ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | - | 4000 | ഷാജിലാൽ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | - | 2906 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-12 | - | 3000 | ഡോ. ഷിബു S.K,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്. സി. |
| | ആകെ | 21425/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 334336 | ഷാജിലാൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 30000 | ഉഷാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 30000 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-9 | 500000 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-10 | 124236 | ഡോ. ശ്രീനി<br>മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-11 | 176381 | ഡോ. ഷിബു S.K,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-13 | 70000 | ഡോ. ഷിബു S.K,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 1234953/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| | | ഉദ്യോഗപ്പേരും |
| 3-7 | തിട്ടപ്പെടുത്തിയിട്ടില്ല | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-9 | 1282 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധു ബാലകൃഷ്ണൻ.വി, സെക്രട്ടറി | സെക്രട്ടറി, കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് | കൊച്ചാലുംമൂട്ടിൽ, ചിങ്ങോലി പി.ഒ, ആലപ്പുഴ ജില്ല |
| ശ്രീ.ഷാജിലാൽ.കെ, അസിസ്റ്റന്റ്എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, കാർത്തികപ്പള്ളി | കോടിയിൽ ഹൗസ്, വലിയവിള, മയ്യനാട് പി.ഒ. കൊല്ലം, 691303 |
| ഡോ. ശ്രീനി<br>മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദം,<br>കുമാരപുരം ഗ്രാമപഞ്ചായത്ത് | പാളപ്പുറത്ത്,<br>കരുവാറ്റ പി. ഒ.<br>ആലപ്പുഴ ജില്ല. |
| ഡോ.ഷിബു S.K,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി.<br>കാർത്തികപ്പള്ളി | രാഗം,<br>പ്ലാവിള, താണിമൂട്.പി.ഒ.,<br>തിരുവനന്തപുരം |
| ഉഷാകുമാരി,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കാർത്തികപ്പള്ളി | ജയഭവനം,<br>മുതുകുളം തെക്ക്, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | ആലപ്പുഴ ജില്ല. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ5/1832/2011/25-01-12 |
| 2002-03 | എൽ.എഫ്.ജി.എ5/1832/2011/25-01-12 |
| 2006-07 | എൽ.എഫ്.എ.പി.3/53/11/13-7-12 |
| 2007-08 | എൽ.എഫ്.എ.പി.3/53(1)11/18-4 |
| 2008-09 | എൽ.എഫ്.എ.പി.3/1209/11/18-4-12 |
| 2009-10 | എൽ.എഫ്.എ.പി.3/12010/11/18-4-12 |
| 10-11,11-12 | എൽ.എഫ്.എ.പി.3/9/13/15-2-13 |
| 2012-13 | എൽ.എഫ്.എ.പി.3/1001/2014/8-12-14 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്-പി3-1035/2015 |
| 2014-15 | കെ.എസ്.എ-എഎൽപി-പി3/1417 /2015/23-11-2015 |
| 2015-16 | കെ.എസ്.എ-എഎൽപി-പി3/1251/16/8.11.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

## അനുബന്ധം

•

നം. കെ.എസ്.എ-എ.എൽ.പി/പി3-1036/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 04.08.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/ P3-1036/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 04.08.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Karthikappally Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Karthikappally Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha